ചുരുക്കത്തിൽ

‘മോക്ക’ ഇന്ന് കരതൊടും

തിരുവനന്തപുരം

മോക്ക ചുഴലിക്കാറ്റ് ഞായർ ഉച്ചയോടെ ബംഗ്ലാദേശ്, മ്യാന്മർ തീരത്ത് കരയിൽ പ്രവേശിക്കാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഈ സമയം മണിക്കൂറിൽ 200 കിലോ മീറ്റർവരെ വേഗത പ്രവചിക്കുന്നതിനാൽ കനത്ത നാശനഷ്ടത്തിന് സാധ്യതയുണ്ട്. സംസ്ഥാനത്ത് ബുധൻവരെ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കും 40 കിലോ മീറ്റർവരെ വേഗതയിൽ കാറ്റിനും സാധ്യതയുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരത്ത് മീൻപിടിത്തത്തിനു തടസ്സമില്ല.

- ബംഗ്ലാദേശിൽ അഞ്ചുലക്ഷംപേരെ മാറ്റി പാർപ്പിക്കും

മോക്ക ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് തെക്കുകിഴക്കൻ തീരങ്ങളിൽനിന്ന് ലക്ഷക്കണക്കിനാളുകളെ ഒഴിപ്പിക്കാനൊരുങ്ങി ബംഗ്ലാദേശ്. ലോകത്തിലെ ഏറ്റവും വലിയ രോഹിൻഗ്യൻ അഭയാർഥി ക്യാമ്പ് ഉൾപ്പെടുന്ന പ്രദേശമാണിത്. ലക്ഷക്കണക്കിന് ആളുകൾക്ക് മുൻകരുതൽ നിർദേശം നൽകിയിട്ടുണ്ട്. ഞായറാഴ്ച ബംഗ്ലാദേശിലെ കോക്സ് ബസാറിനും മ്യാന്മറിലെ ക്യാവ്പ്യുവിനുമിടയിൽ മണിക്കൂറിൽ 160 കിലോമീറ്ററിനും 175 കിലോമീറ്ററിനുമിടയിൽ വേഗത്തിൽ കാറ്റ് ആഞ്ഞടിക്കുമെന്നാണ് മുന്നറിയിപ്പ്. ദുരന്തനിവാരണ സേനയുടെ കണക്കനുസരിച്ച് ബംഗ്ലാദേശിൽ അഞ്ചുലക്ഷത്തോളം പേരെ ഒഴിപ്പിക്കും. ഇവർക്കായി 1500 ക്യാമ്പ് ഒരുക്കിയിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും ഇന്ത്യയുടെ വിദൂര വടക്കുകിഴക്കൻ ഭാഗങ്ങളിലും ശക്തമായ മഴ ലഭിക്കാൻ സാധ്യതയുണ്ട്.

സുഭദ്രം ഈ ജീവിതം

പട്ടയമേള ഇന്ന്

പട്ടയം ലഭിക്കുന്ന വടക്കാഞ്ചേരി കുന്നാട്ട്പറമ്പ് തെലുങ്കർ കോളനിയിലെ സുഭദ്ര

വേണു കെ ആലത്തൂർ

തൃശൂർ

നാല് പതിറ്റാണ്ടായി ആറ് സെന്റ് കുടിയിരിപ്പിന്റെ പട്ടയത്തിനുള്ള കാത്തിരിപ്പ്. രണ്ട് പെൺമക്കളുടെ വിവാഹം കഴിഞ്ഞു. മറ്റുള്ളവരുടെ ആധാരം പണയപ്പെടുത്തി വായ്പയെടുത്താണ് വിവാഹം നടത്തിയത്. അത് വീട്ടാനാകാത്ത സ്ഥിതി. പട്ടയമില്ലാത്ത ഭൂമിക്ക് ആര് വായ്പ നൽകാനാണ്. ആ ദുരിതകാലം താണ്ടി ഭൂമിയുടെ അവകാശിയാകാൻ ഒരുങ്ങുകയാണ് വടക്കാഞ്ചേരി കുമരനല്ലൂർ കുന്നാട്ടുപറമ്പ് തെലുങ്കർ കോളനിയിലെ അറുപത്തഞ്ചുകാരിയായ സുഭദ്ര. ഞായറാഴ്ച മുഖ്യമന്ത്രി പിണറായി വിജയനിൽനിന്നും പട്ടയം ഏറ്റുവാങ്ങും.

ഈ കോളനിയിലെ 41 കുടുംബങ്ങളിൽ 24 പേർക്കാണ് നിലവിൽ പട്ടയം അനുവദിച്ചിരിക്കുന്നത്. സാങ്കേതിക പ്രശ്നം നീങ്ങിയാൽ ബാക്കിയുള്ളവർക്കും ഉടൻ പട്ടയം ലഭിക്കും. സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎയുടെ ഇടപെടലാണ് ഫലംകണ്ടത്. 1983 മുതൽ അപേക്ഷ നൽകി കാത്തിരിക്കുന്ന ഇവർക്ക് സ്ഥലത്തിന്റെ ഘടനയും രേഖകൾ ശരിയാക്കുന്നതിലെ തടസ്സവും വിലങ്ങ്തടിയായി. ഇപ്പോൾ ഓരോ സബ്ഡിവിഷൻ ഉണ്ടാക്കി പ്രത്യേക സംഘത്തെ നിയോഗിച്ച് സർവേ നടത്തിയാണ് പ്രശ്നം പരിഹരിച്ചത്. തൃശൂർ തേക്കിൻകാട് മൈതാനിയിൽ ഞായർ പകൽ 11.30നാണ് പട്ടയമേള. തൃശൂരിലെ 11,221 പേർക്ക് പട്ടയം നൽകും.

---

16 ഐസൊലേഷൻ വാർഡ് ഒരുങ്ങുന്നു

സ്വന്തം ലേഖിക

തിരുവനന്തപുരം

- 140 മണ്ഡലത്തിലും നിർമിക്കും

നിപായും കോവിഡും പോലുള്ള മഹാമാരികളെയും മറ്റ് പകർച്ചവ്യാധികളെയും നേരിടുന്നതിന് സംസ്ഥാനത്ത് 16 കേന്ദ്രത്തിൽക്കൂടി ഐസൊലേഷൻ വാർഡ് യാഥാർഥ്യമാകുന്നു. ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൃശൂർ ഗവ. മാനസികാരോഗ്യകേന്ദ്രം, നല്ലൂർനാട് ഗവ. താലൂക്ക് ആശുപത്രി, ഓമയൂർ, കേശവപുരം, പുൽപ്പള്ളി, തവയൂർ, താനൂർ, കരുവാരക്കുണ്ട്, ഐരാണിമുട്ടം സിഎച്ച്സികളിലും മേപ്പാടി, മുക്കം, നരിക്കുനി, മേലടി, കുന്നുമ്മേൽ, ഓർക്കാട്ടേരി എന്നിവിടങ്ങളിലുമാണ് പുതുതായി വാർഡുകൾ നിർമിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന കർമപരിപാടിയുടെ ഭാഗമായാണ് 16 ഇടത്തും ഐസൊലേഷൻ വാർഡ് നിർമിക്കുന്നത്. എംഎൽഎ ഫണ്ടും കിഫ്ബി ഫണ്ടും തുല്യമായി ഉപയോഗിച്ചുള്ള 250 കോടി രൂപയുടെ ഈ പദ്ധതി നടപ്പാക്കുന്നത് കെഎംഎസ്സിഎല്ലാണ്. ഒരു ആശുപത്രിയിൽ 10 കിടക്കയുള്ള ഐസൊലേഷൻ വാർഡാണ് നിർമിക്കുന്നത്. 2,400 ചതുരശ്ര അടി വിസ്തീർണത്തിലുള്ള ഐസൊലേഷൻ വാർഡുകളിൽ 10 കിടക്കയുള്ള പേഷ്യന്റ് കെയർ സോൺ, കാത്തിരിപ്പ് കേന്ദ്രം, വിതരണ സ്റ്റോർ, ശുചിമുറിയോടുകൂടിയ സ്റ്റാഫ് റൂം, ഡോക്ടേഴ്സ് റൂം, ഡ്രസിങ് റൂം, നഴ്സസ് സ്റ്റേഷൻ, എമർജൻസി പ്രൊസീജർ റൂം, ശുചിമുറികൾ, മെഡിക്കൽ ഗ്യാസ് സംഭരണത്തിനുള്ള റൂം തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ടാകും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 50 ഉം കോഴിക്കോട് മെഡിക്കൽ കോളേജിൽ 40 ഉം കിടക്കയുള്ള വാർഡ് നിർമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വിവിധയിടങ്ങളിലായി പത്ത് ഐസൊലേഷൻ വാർഡ് കഴിഞ്ഞ ഡിസംബറിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തിരുന്നു.

ലോകനെറുകയിൽ കേരളം

2 വർഷം 950 സ്റ്റാർട്ടപ്പ്

മിൽജിത് രവീന്ദ്രൻ

തിരുവനന്തപുരം

ഏഴു വർഷംകൊണ്ട് കേരളത്തിലെ സ്റ്റാർട്ടപ് മേഖലയെ ലോക നിലവാരത്തിലേക്കുയർത്തി എൽഡിഎഫ് സർക്കാർ. ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് കേരള സ്റ്റാർട്ടപ് മിഷനെ തേടിയെത്തിയ ആഗോള പുരസ്കാരം. 2016ൽ ഒന്നാം പിണറായി സർക്കാർ വരുമ്പോൾ 300 സ്റ്റാർട്ടപ്പാണ് സംസ്ഥാനത്തുണ്ടായിരുന്നത്. ഇപ്പോഴത് 4043 ആണ്. ഇതിൽ 233 എണ്ണം വനിതകൾ നേതൃത്വം നൽകുന്നതാണ്. രണ്ടാം പിണറായി സർക്കാർ വന്നശേഷം രണ്ടുവർഷത്തിനുള്ളിൽ 950 എണ്ണം ആരംഭിച്ചു. സംസ്ഥാനത്തെ ബിസിനസ് ഇൻകുബേറ്ററും ആക്സിലറേറ്ററും വിലയിരുത്തി സ്വീഡിഷ് ഗവേഷണ സ്ഥാപനമായ യുബിസി ഗ്ലോബൽ നടത്തിയ പഠനത്തിലാണ് കേരളം മുന്നിലെത്തിയത്. ലോകത്തെ 1895 സ്ഥാപനവുമായി മത്സരിച്ചാണ് നേട്ടം. കഴിഞ്ഞ വർഷം ഗ്ലോബൽ സ്റ്റാർട്ടപ് ഇക്കോ സിസ്റ്റം റിപ്പോർട്ടിന്റെ (ജിഎസ്ഇആർ) അഫോഡബിൾ ടാലന്റ് റാങ്കിങ്ങിൽ കേരളം ഏഷ്യയിൽ ഒന്നാമതും ലോകത്ത് നാലാമതുമെത്തിയിരുന്നു. സ്റ്റാർട്ടപ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരം തുടർച്ചയായ മൂന്നാം തവണയും നേടിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 2500 കോടി രൂപയാണ് ഈ മേഖലയിൽ നിക്ഷേപമായെത്തിയത്. നിലവിൽ സംസ്ഥാന സർക്കാരിന് പങ്കാളിത്തമുള്ള നാല് വെഞ്ച്വർ കാപ്പിറ്റൽ ഫണ്ടിൽനിന്ന് 800 കോടി രൂപയുടെ കോർപസ് ഫണ്ടാണ് കേരളത്തിലെ സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് ലഭ്യമായത്. കഴിഞ്ഞ ബജറ്റിൽ വിവിധ സ്റ്റാർട്ടപ് മേഖലകളെ അടിസ്ഥാനമാക്കി കോർപസ് ഫണ്ട് രൂപീകരിക്കാൻ 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

രാജ്യത്തെ ഏറ്റവും വലിയ മെത്താംഫെറ്റമിൻ വേട്ട

കടലിൽനിന്ന് 15,000 കോടിയുടെ ലഹരിമരുന്ന് പിടിച്ചു

പാകിസ്ഥാൻ പൗരൻ അറസ്റ്റിൽ

സ്വന്തം ലേഖകൻ

കൊച്ചി



ഓപ്പറേഷൻ സമുദ്രഗുപ്തിന്റെ ഭാഗമായി പിടിച്ചെടുത്ത മയക്കുമരുന്ന്

നർകോട്ടിക്സ് കൺട്രോൾ ബ്യൂറോയും നാവികസേനയും ചേർന്ന് കടലിൽ നടത്തിയത് ഇന്ത്യയിലെ ഏറ്റവും വലിയ മെത്താംഫെറ്റമിൻ വേട്ട. ഓപ്പറേഷൻ സമുദ്രഗുപ്തിന്റെ ഭാഗമായി നടത്തിയ സംയുക്ത പരിശോധനയിൽ മാലദ്വീപ് ഭാഗത്തേക്ക് പോകുകയായിരുന്ന കപ്പലിൽനിന്ന് 15,000 കോടി രൂപയുടെ 2500 കിലോയിലധികം മെത്താംഫെറ്റമിൻ പിടിച്ചു. പാകിസ്ഥാൻ പൗരൻ സുബൈറിനെ അറസ്റ്റ് ചെയ്തു.

വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ രാജ്യചരിത്രത്തിലെ ഏറ്റവും വലിയ മെത്താംഫെറ്റമിൻ വേട്ടയാണിതെന്ന് എൻഐബി ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സഞ്ജയ്കുമാർ സിങ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. രണ്ടുദിവസംമുമ്പായിരുന്നു പരിശോധന. ഇറാനിലെ ചബഹാർ തുറമുഖത്തുനിന്ന് പുറപ്പെട്ട കപ്പലിൽ 134 ചാക്കുകളിലായി 2800 പെട്ടികളിൽ അടുക്കിയ നിലയിലാണ് മെത്താംഫെറ്റമിൻ കണ്ടെത്തിയത്. പരിശോധനയ്ക്കിടെ കപ്പൽ മുക്കാൻ ശ്രമിച്ചശേഷം ഇതിലുണ്ടായിരുന്നവർ കടന്നെങ്കിലും പാക് പൗരനായ സുബൈറും മറ്റ് മൂന്നുപേരുംമാത്രം പിടിയിലായി. സുബൈറിനെ കൊച്ചിയിലെത്തിച്ച് ചോദ്യം ചെയ്യുകയാണ്. രക്ഷപ്പെട്ടവർക്കായി അന്വേഷണം പുരോഗമിക്കുന്നു. മാലദ്വീപ്, ഇന്ത്യ, ശ്രീലങ്ക എന്നിവിടങ്ങളിലേക്ക് എത്തിക്കാനുള്ളതായിരുന്നു മെത്താംഫെറ്റമിൻ. പാക്കറ്റുകളിൽ തേൾ, ബിറ്റ്കോയിൻ തുടങ്ങിയ അടയാളങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

പാകിസ്ഥാനിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന അൽ ഹുസൈൻ എന്ന ബസ്മതി അരി ബ്രാൻഡിന്റെ ചാക്കുകളിലാണ് ലഹരി സൂക്ഷിച്ചിരുന്നത്.

കപ്പലിനെക്കുറിച്ചും ഏത് സമുദ്രഭാഗത്തുനിന്നാണ് ലഹരിമരുന്ന് പിടികൂടിയത് എന്നതിനെക്കുറിച്ചും വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. അഫ്ഗാനിസ്ഥാനിലും പാകിസ്ഥാനിലും ഉൽപ്പാദിപ്പിക്കുന്ന ലഹരിമരുന്ന് ഇറാനിലെത്തിച്ച് കടൽവഴി വിവിധ രാജ്യങ്ങളിലേക്ക് കടത്തുന്ന പാകിസ്ഥാനിയായ ഹാജി സലിമിന്റെ സംഘത്തിന്റേതാണ് പിടികൂടിയ മെത്താംഫെറ്റമിനെന്ന് സംശയമുണ്ട്. ഹാജി സലിം ലഹരി ഗ്രൂപ്പ് ഉപയോഗിക്കുന്ന തേൾ ചിഹ്നം പിടിച്ചെടുത്ത പാക്കറ്റിലുണ്ട്. കപ്പൽ തുറമുഖത്തേക്ക് എത്തിക്കാനുള്ള ശ്രമം തുടരുകയാണ്.

സമുദ്രഗുപ്തിന്റെ ഭാഗമായി 2022 ഫെബ്രുവരിയിൽ ഗുജറാത്ത് തീരത്തുനിന്ന് എൻസിബിയും നാവികസേനയും ചേർന്ന് 529 കിലോ ഹഷീഷ്, 221 കിലോ മെത്താംഫെറ്റമിൻ, 13 കിലോ ഹെറോയിൻ പിടിച്ചിരുന്നു. അഫ്ഗാൻ, ബലൂചിസ്ഥാൻ മേഖലയിൽനിന്നാണിത് എത്തിച്ചത്. 2022 കൊച്ചിയിൽ ഇറാനിയൻ ബോട്ടിൽനിന്ന് 200 കിലോ ഹെറോയിനും പിടിച്ചിരുന്നു. ഹെറോയിന്റെ ഉറവിടം അഫ്ഗാനിസ്ഥാനായിരുന്നു.

ഡിജിറ്റൽ പാഠങ്ങളൊരുക്കാൻ ‘കൈറ്റ് ലെൻസ്’

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പാഠപുസ്തകങ്ങളിലെ അറിവുകൾ വികസിപ്പിക്കാനുള്ള ആശയം നിങ്ങളുടെ കൈയിലുണ്ടോ. അധ്യാപകനോ വിദ്യാർഥിയോ ആരുമാകട്ടെ, ‘കൈറ്റ് ലെൻസ്’ ൽ എത്തൂ. ആകർഷകവും വിജ്ഞാനപ്രദവുമായ വിദ്യാഭ്യാസ ഉള്ളടക്കം നിർമിക്കാൻ കൈറ്റ് ലെൻസ് സഹായിക്കും.

മികച്ച വിദ്യാഭ്യാസ ഉള്ളടക്കം സംബന്ധിച്ച് നൂതന ആശയം പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകാൻ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ കൈറ്റ് ഒരുക്കുന്ന ഡിജിറ്റൽ സ്റ്റുഡിയോ സംവിധാനമാണ് ‘കൈറ്റ് ലെൻസ്’. എറണാകുളം ഇടപ്പള്ളിയിലെ കൈറ്റിന്റെ റീജണൽ റിസോഴ്സ് സെന്ററിലാണ് ഈ എഡ്യൂക്കേഷണൽ കണ്ടന്റ് ക്രിയേഷൻ ഹബ് ഒരുക്കിയിട്ടുള്ളത്. സ്റ്റുഡിയോ തിങ്കളാഴ്ച പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനംചെയ്യും.

ചെലവു കുറഞ്ഞ രൂപത്തിൽ ഡിജിറ്റൽ ഉള്ളടക്കം സാധ്യമാക്കുന്ന കൈറ്റ് ലെൻസ് രാജ്യത്തെ ആദ്യ സംരംഭമാണ്. സാധാരണ മൊബൈൽ ഫോൺ ഉൾപ്പെടെ ഉപയോഗിക്കാനാകും. പരമ്പരാഗത ക്ലാസ് റൂം പഠനവും ഡിജിറ്റൽ പഠനവും തമ്മിലുള്ള വിടവ് നികത്താൻ അധ്യാപകർക്ക് പ്രത്യേക പരിശീലനവും കൈറ്റ് ലെൻസിലൂടെ സാധ്യമാക്കുമെന്ന് കൈറ്റ് സിഇഒ കെ അൻവർ സാദത്ത് അറിയിച്ചു. 4 കെ വീഡിയോ റെക്കോഡിങ്ങിനും എഡിറ്റിങ്ങിനും ഉൾപ്പെടെ വിപുലമായ സംവിധാനങ്ങൾ ഉൾപ്പെടുന്ന സ്റ്റുഡിയോ ഫ്ലോർ ആണ് തയ്യാറാക്കിയിരിക്കുന്നത്.

കട്ടപ്പുറത്തല്ല ഇനി ഓൺ റോഡിൽ

- അറ്റകുറ്റപ്പണി പൂർത്തിയാക്കി കൂടുതൽ ബസുകൾ നിരത്തിലിറക്കും

സ്വന്തംലേഖകൻ

തിരുവനന്തപുരം

കട്ടപ്പുറത്തുള്ള ബസുകൾ ഘട്ടം ഘട്ടമായി നിരത്തിലിറക്കാൻ പദ്ധതിയുമായി കെഎസ്ആർടിസി. 980 ബസാണ് വിവിധ ജില്ലകളിലായി കട്ടപ്പുറത്തുള്ളത്. ഏറ്റവും കൂടുതൽ ബസുകൾ നിരത്തിൽ ഇറക്കാനുള്ളത് തിരുവനന്തപുരം ജില്ലയിലാണ് –500.

5400 ബസുണ്ടെങ്കിലും ശരാശരി 4300– 4400 ബസാണ് ദിവസം സർവീസ് നടത്തുന്നത്. ഇതിൽ 297 എണ്ണം സ്വിഫ്റ്റിന്റേതാണ്. മൊത്തം ബസിന്റെ 20 ശതമാനമാണ് കട്ടപ്പുറത്തുള്ളത്. അത് അഞ്ചുശതമാനമാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി മാവേലിക്കര, ആലുവ, കോഴിക്കോട്, എടപ്പാൾ റീജണൽ വർക്ഷോപ്പുകളുടെയും തിരുവനന്തപുരം സെൻട്രൽ വർക്ഷോപ്പിന്റെയും നവീകരണത്തിന് രൂപം നൽകി. ബസുകൾ ചെറിയ കാര്യങ്ങൾക്ക് സർവീസിൽനിന്ന് ഒഴിവാക്കുന്നതിനുപകരം അറ്റകുറ്റപ്പണി കാര്യക്ഷമമാക്കാനാണ് ശ്രമം. ഡ്യൂട്ടിയിൽനിന്ന് ജീവനക്കാർ വിട്ടുനിൽക്കുന്നത് ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കും. ഇതിനുള്ള പദ്ധതി നടപ്പാക്കാൻ ഗതാഗതമന്ത്രി ആന്റണി രാജു ഉന്നത ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. സംസ്ഥാനത്തിനു പുറത്തെ വിവിധ ആർടിസികളുടെ പ്രവർത്തനം പഠിച്ചശേഷമാണ് പദ്ധതിക്ക് രൂപം നൽകിയത്. ദിനംപ്രതി കലക്ഷൻ എട്ടു കോടിയാക്കി മുന്നേറാനുള്ള നടപടികൾക്കൊപ്പം കൂടുതൽ ബസുകൾ നിരത്തിൽ ഇറക്കുന്നതും നേട്ടമാകും. 15 വർഷം പൂർത്തിയായ 237 ബസ് സെപ്തംബർ പകുതിയോടെ നിരത്തിൽനിന്ന് പിൻവലിക്കുന്നതിന്റെ മുന്നോടിയായാണ് അറ്റകുറ്റപ്പണിക്ക് മാസ്റ്റർ പ്ലാൻ ഒരുക്കിയത്.

ബസുകൾ ആറുമാസത്തിലൊരിക്കൽ സർവീസ് നടത്തും. ഇതിന്റെ ഭാഗമായി വർക്ഷോപ്പുകളിൽ സർവീസ് തുടങ്ങി. ഗ്യാരേജുകളിലെ സ്റ്റോറിൽ സ്പെയർ സ്പാർട്സ് ഉറപ്പുവരുത്തും. പല മേഖലകളിൽ മെക്കാനിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനുപകരം ശാസ്ത്രീയമായി ഡ്യൂട്ടി ക്രമീകരിക്കും. ടയർ തേയ്മാനം കുറയ്ക്കാൻ ശാസ്ത്രീയരീതി നടപ്പാക്കാനും പദ്ധതിയുണ്ട്.

ബിരുദതല പ്രാഥമിക പരീക്ഷ: എഴുതാനാകാത്തവർക്ക് അവസരം

തിരുവനന്തപുരം

വ്യക്തമായ കാരണങ്ങളാൽ ഏപ്രിൽ 29, മെയ് 13 തീയതികളിലെ ബിരുദതല പ്രാഥമിക പരീക്ഷ എഴുതാൻ കഴിയാത്തവർക്ക് ഒരവസരം കൂടി നൽകുമെന്ന് പിഎസ്സി അറിയിച്ചു. പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യം രേഖകൾ സഹിതം പിഎസ്സിയെ ബോധ്യപ്പെടുത്തിയാൽ ഇവർക്ക് 27ന് മൂന്നാം ഘട്ട പരീക്ഷ എഴുതാം.

സ്വന്തം വിവാഹം, അടുത്ത ബന്ധുക്കളുടെ മരണം, അന്നേ ദിവസം അംഗീകൃത സർവകലാശാല, സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷയുള്ളവർ, അപകടംപറ്റി ചികിത്സയിലുള്ളവർ, അസുഖബാധിതർ, പരീക്ഷയോടടുത്ത ദിവസങ്ങളിൽ പ്രസവതീയതി വരുന്നവർ, യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളവർ, വിശ്രമം ആവശ്യമുള്ളവർ എന്നിവർക്കാണ് പരീക്ഷ എഴുതാൻ അവസരം. പരീക്ഷാകേന്ദ്രം ഉൾപ്പെടുന്ന ജില്ലാ പിഎസ്സി ഓഫീസിൽ രേഖകൾ സഹിതം ഉദ്യോഗാർഥികൾക്ക് നേരിട്ടോ ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേനയോ അപേക്ഷിക്കാം. തിരുവനന്തപുരം ജില്ലയിലെ അപേക്ഷകൾ പിഎസ്സി ആസ്ഥാനത്തെ ഇഎഫ് വിഭാഗത്തിലാണ് നൽകേണ്ടത്. തപാൽ, ഇ മെയിൽ വഴി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല. 15 മുതൽ 22 വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കൂ. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക, ഉദ്യോഗാർഥികൾക്കുള്ള അറിയിപ്പ് എന്നിവ പിഎസ്സി വെബ്സൈറ്റിൽ. ഫോൺ: 0471 2546260, 246.

സൗദി കുടുംബസന്ദർശക വിസയ്ക്ക് പുതിയ നിബന്ധന

പ്രവാസികൾ പ്രയാസത്തിൽ

മുഹമ്മദ് ഹാഷിം

പാലക്കാട്

കുടുംബസന്ദർശക വിസയ്ക്ക് സൗദി അറേബ്യ ഏർപ്പെടുത്തിയ പുതിയ നിബന്ധന പ്രവാസികളുടെ അവധിക്കാല യാത്ര ദുരിതത്തിലാക്കി. ഹ്രസ്വകാലത്തേക്ക് സൗദിയിലേക്ക് കുടുംബസമേതം പോകുന്നവരാണ് മെയ് ഒന്നിനും 11നും നിലവിൽവന്ന രണ്ട് നിബന്ധന കാരണം പ്രയാസം നേരിടുന്നത്. നേരത്തെ നാട്ടിലെ ട്രാവൽ ഏജൻസികൾ മുഖേന കുടുംബ സന്ദർശക വിസ ലഭിച്ചിരുന്നു. ഇത് സൗദി എംബസി മെയ് ഒന്നുമുതൽ വിഎഫ്എസ് ഗ്ലോബൽ ഏജൻസിയെ ഏൽപ്പിച്ചു.

സൗദിയിലെ വിമാനത്താവളങ്ങളിൽ ഇറങ്ങുമ്പോൾ നടത്തിയിരുന്ന വിരലടയാളം അടക്കമുള്ളവയുടെ ബയോമെട്രിക് പരിശോധനയും 11 മുതൽ ഇവർക്ക് കൈമാറി. ഏജൻസി കേന്ദ്രങ്ങൾ കൊച്ചി, ചെന്നൈ, മുംബൈ, ഡൽഹി, ഹൈദരാബാദ് തുടങ്ങിയ പ്രധാന നഗരങ്ങളിലാണ്.

- വിസയും പരിശോധനയും കൊച്ചിയിൽ

സംസ്ഥാനത്തിന്റെ എല്ലാഭാഗത്തുനിന്നും പ്രായമുള്ളവരും കുട്ടികളും ഉൾപ്പെടെ വിസയ്ക്കും പരിശോധനയ്ക്കും കൊച്ചിയിലെത്തണം. രാവിലെ മുതൽ വൈകിട്ടുവരെ കാത്തുനിന്നാലും തിരക്കും കാലതാമസവും കാരണം മടങ്ങേണ്ടി വരുന്നു. കേരളത്തിലെ പ്രവാസികൾ അവധിക്കാലത്ത് കുടുംബാംഗങ്ങളെ ഗൾഫ് രാജ്യങ്ങളിലേക്ക് കൊണ്ടുപോകുന്നത് പതിവാണ്. ജോലിയുള്ളവരും ബിസിനസുകാരും അവധിയെടുക്കാൻ പറ്റാത്തതിനാൽ ഇങ്ങനെ ചെയ്യാറുണ്ട്. ഒരിക്കൽപോയാൽ 90 ദിവസം താമസിക്കാമെങ്കിലും ഒരുവർഷം കാലാവധിയുള്ള മൾട്ടിപ്പിൾ വിസയാണ് നൽകുന്നത്.

- കൊടുക്കണം കൂടുതൽ തുക

നേരത്തെ ഡൽഹിയിലെ സൗദി എംബസിയിൽനിന്നും മുംബൈയിലെ കോൺസുലേറ്റിൽനിന്നും രണ്ടാംദിവസം വിസ സ്റ്റാമ്പ് ചെയ്ത് ലഭിച്ചിരുന്നു. ഏജൻസികൾ തമ്മിലുള്ള മത്സരത്തിൽ കുറഞ്ഞ സർവീസ് തുകയാണ് ഈടാക്കിയിരുന്നത്. നിലവിൽ ഒരു ഏജൻസിയുടെ കുത്തകയായതോടെ മൂവായിരം രൂപവരെ ഈടാക്കുന്നുണ്ട്. ട്രാവൽ ഏജൻസികളിലെ ജീവനക്കാരുടെ തൊഴിലവസരവും കുത്തനെ ഇല്ലാതാകും. മുംബൈയിൽ മാത്രം അഞ്ഞൂറോളം അംഗീകൃത ഏജൻസികളിലായി മലയാളികൾ ഉൾപ്പെടെ പതിനായിരത്തോളം ജോലിക്കാരുണ്ട്.

നഗരമാലിന്യം അവിടെത്തന്നെ സംസ്കരിക്കണം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ശാസ്ത്രീയ മാലിന്യസംസ്കരണത്തിനുള്ള ഊർജിത നടപടി സംസ്ഥാന സർക്കാർ നടപ്പാക്കിവരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ പ്രതിവാര ടെലിവിഷൻ സംവാദ പരിപാടിയായ ‘നാം മുന്നോട്ടി’ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നഗരത്തിലെ മാലിന്യം അവിടെത്തന്നെ സംസ്കരിക്കണം. വിദേശത്ത് ഇത്തരത്തിലാണ് മാലിന്യസംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനം എല്ലായിടത്തുമുണ്ടാകണം. മാലിന്യ സംസ്കരണം അത്യാവശ്യ കാര്യമാണെന്ന് എല്ലാവരും പറയുമെങ്കിലും പ്ലാന്റിന്റെ കാര്യം വരുമ്പോൾ മറ്റൊരിടത്താകട്ടെ എന്ന നിലപാടാണ്. ഇതിനു മാറ്റം വരണം. മാലിന്യം വലിച്ചെറിയുന്ന രീതി അവസാനിപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജോൺ ബ്രിട്ടാസ് എംപി അവതാരകനായി. ചെറുവയൽ രാമൻ, കെ ജയകുമാർ, ഡോ. എ എസ് പ്രദീപ് കുമാർ, ഡോ. സി എൻ മനോജ്, അഡ്വ. ഷുക്കൂർ എന്നിവർ പാനലിസ്റ്റുകളായി. പുതിയ എപ്പിസോഡ് ഞായർ മുതൽ വിവിധ ടെലിവിഷൻ ചാനലുകളിൽ സംപ്രേഷണം ചെയ്യും.

സംപ്രേഷണ സമയം

ഏഷ്യാനെറ്റ് ന്യൂസ് ഞായർ വൈകിട്ട് 6:30ന്, മാതൃഭൂമി ന്യൂസ് ഞായർ വൈകിട്ട് 8.30ന്, കൈരളി ടിവി ശനി പുലർച്ചെ 12.30ന് (പുനഃസംപ്രേഷണം ശനിയാഴ്ച രാവിലെ 6.30ന്), കൈരളി ന്യൂസ് ഞായർ രാത്രി 9:30ന് (പുനഃസംപ്രേഷണം ബുധൻ വൈകിട്ട് 3.30ന്), മീഡിയ വൺയെകിഒ രാത്രി 7.30ന്, കൗമുദി ടിവി ശനിയാഴ്ച രാത്രി എട്ടിന്, 24 ന്യൂസ് ഞായറാഴ്ച വൈകീട്ട് 5.30ന് (പുനഃസംപ്രേഷണം പുലർച്ചെ ഒന്നിന്), ജീവൻ ടിവി ഞായറാഴ്ച വൈകി ഏഴിന്, ജയ്ഹിന്ദ് ടിവി ബുധൻ വൈകീട്ട് ഏഴിന്, റിപ്പോർട്ടർ ടിവി ഞായർ വൈകിട്ട് 6.30ന്, ദൂരദർശൻ ഞായർ രാത്രി 7.30ന്, ന്യൂസ് 18 ഞായർ രാത്രി 8:30ന്.

ആശുപത്രിയിലെ ഹാർഡ് ഡിസ്ക് കോടതിയിൽ ഹാജരാക്കി

- പ്രതിയെ കണ്ടവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ചു

സ്വന്തം ലേഖകൻ

കൊല്ലം



കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡോ. വന്ദനാ ദാസിനെ കുത്തിക്കൊന്ന സംഭവത്തിൽ സിസിടിവി ദൃശ്യങ്ങൾ അടങ്ങിയ ഹാർഡ് ഡിസ്കുകൾ അന്വേഷകസംഘം കോടതിയിൽ ഹാജരാക്കി. അഞ്ചു ദിവസത്തെ ദൃശ്യങ്ങളാണ് ഒരുസമയം ഹാർഡ് ഡിസ്ക്കിൽ ശേഖരിക്കാനാകുക. കൊലപാതകം നടന്ന ദിവസവും തലേന്നും പ്രതി സന്ദീപിനെ കണ്ടവരിൽനിന്ന് അന്വേഷകസംഘം ശനിയാഴ്ച വിവരങ്ങൾ ശേഖരിച്ചു.

പൂജപ്പുര സെൻട്രൽ ജയിലിൽ റിമാൻഡിലുള്ള സന്ദീപിനെ കസ്റ്റഡിയിൽ കിട്ടാൻ കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ തിങ്കളാഴ്ച അപേക്ഷ നൽകും. ആരോഗ്യവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന പൊലീസ് മേധാവിക്കും ആരോഗ്യ ഡയറക്ടർക്കും തിങ്കളാഴ്ച നൽകും.

ആദ്യ മണിക്കൂറുകളിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം തയ്യാറാക്കിയ റിപ്പോർട്ടുകളിൽ സ്ഥലം, സമയം ഉൾപ്പെടെ കൂടുതൽ വ്യക്തത വരുത്തും. എഫ്ഐആറിലും ഇതു ബാധകമാണ്. ഡിവൈഎസ്പി എം എം ജോസിന്റെ നേതൃത്വത്തിലുള്ള ക്രൈംബ്രാഞ്ച് സംഘമാണ് കേസ് അന്വേഷിക്കുന്നത്. എഡിജിപി എം ആർ അജിത്കുമാർ എല്ലാദിവസവും ഓൺലൈനിൽ യോഗം ചേർന്ന് അന്വേഷണ പുരോഗതി വിലയിരുത്തുന്നു. ഐജി ജി സ്പർജൻ കുമാർ, ഡിഐജി ആർ നിശാന്തിനി, എസ്പി എം എൻ സുനിൽ, അഡീഷണൽ എസ്പി സന്തോഷ്കുമാർ എന്നിവർക്കു മേൽനോട്ടച്ചുമതലയുണ്ട്.

വൈദ്യുതി നിരക്കുവർധന

അദാലത്ത് നാളെ തീരും

തിരുവനന്തപുരം

വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിൽ കെഎസ്ഇബിയുടെ താരീഫ് പരിഷ്കരണ ശുപാർശയിൽ റഗുലേറ്ററി കമീഷൻ നടത്തുന്ന അദാലത്ത് തിങ്കളാഴ്ച സമാപിക്കും. അവസാനത്തേത് തിരുവനന്തപുരത്താണ്. 220 മുതൽ 250വരെ യൂണിറ്റ് ഉപയോഗിക്കുന്നവർക്ക് 6.50 രൂപ വർധിപ്പിക്കണമെന്നത് 5.50 രൂപയാക്കി കെഎസ്ഇബി പുതുക്കിയ ശുപാർശ സമർപ്പിച്ചു. ഇ– മെയിലായും തപാലിലും ലഭിച്ച അഭിപ്രായങ്ങൾകൂടി പരിശോധിച്ച ശേഷമേ കമീഷൻ അന്തിമ തീരുമാനത്തിലെത്തൂ.